**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3799** **15-07-2022 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ മാധവ ഭവനത്തിൽ എം.വിശ്വംഭരൻ 2017 ഒക്ടോബർ 20ന് മരണപ്പെട്ടത് സംബന്ധിച്ച് സംസ്ഥാന പോലീസിലെ ഏതെങ്കിലും വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 1405/17 U/S 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യും മരണപ്പെട്ട ആളുടെ മകൻ ചീഫ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണ സംഘം രൂപീകരിച്ചും ടിയാൻ മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ ആലപ്പുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ, ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ മാധവ ഭവനത്തിൽ എം.വിശ്വംഭരൻ തീവണ്ടി തട്ടിയാണ് മരണപ്പെട്ടതെന്ന് വെളിവായതിനാലും ടിയാന്റെ മരണം കൊലപാതകമാണെന്ന് സാധൂകരിക്കത്തക്ക തെളിവുകൾ ലഭ്യമായിട്ടില്ലാത്തതിനാലും അസ്വാഭാവികമായി ഒന്നുംതന്നെ കണ്ടെത്താൻ കഴിയാത്തതിനാലും Further Action Dropped ആയി പരിഗണിച്ച് ടി കേസ്സിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണം തൃപ്തികരമല്ലെന്ന് ചൂണ്ടിക്കാണിച്ച് മരണപ്പെട്ട ആളുടെ മകൻ മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. മരണപ്പെട്ടയാളുടെ മകൻ നൽകിയ പരാതി ഡോക്കറ്റ് നമ്പർ:G3200101182 പ്രകാരം സി.എം.ഒ.പോർട്ടലിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാന പോലീസ് മേധാവിയ്ക്ക് കൈമാറുകയും അതിന്മേൽ തുടർനടപടി സ്വീകരിച്ച് ആലപ്പുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, പരാതിക്കാരന്റെ പിതാവിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് സാധൂകരിക്കത്തക്ക തെളിവുകളൊന്നും തന്നെ അന്വേഷണത്തിൽ ലഭ്യമായിട്ടില്ലായെന്ന് പരാതിക്കാരന് 04.03.2020-ൽ മറുപടി നൽകുകയും അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (പി.ജി.) 03.04.2020-ൽ പരാതി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ